**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **24-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് ടൗൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് ടൗൺ കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ (ടി.ഡി.ആർ. 1036) സഹകരണ വകുപ്പ് പരിശോധന നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ; | (എ) | പുതുക്കാട് ടൗൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 1036-ൽ ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ 31.10.2023ൽ നടത്തിയ വിശദ പരിശോധന, ടീം ഇൻസ്പെക്ഷൻ 8.12.2023ൽ നടത്തിയ വിശദ പരിശോധന , അസിസ്റ്റന്റ് രജിസ്ട്രാർ 27.12.2023-ൽ നടത്തിയ വിശദ പരിശോധന എന്നിവയിൽ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗുരുതര അപാകതകൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന്റെ 16.04.2024തീയതിയിലെ JRGTSR/371/2024-CRB-1 നമ്പർ ഉത്തരവ് പ്രകാരം സഹകരണനിയമം വകുപ്പ് 65, ചട്ടം 66 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.അന്വേഷണം നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പരിശോധനയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണനിയമം വകുപ്പ് 65, ചട്ടം 66 പ്രകാരമുള്ള അന്വേഷണം പൂർത്തിയായിട്ടില്ല. |
| (സി) | എങ്കിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ